നമ്പർ: ICPS-3/009502/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS,പൂജപ്പുര,തിരുവനന്തപുരം
തീയതി: 13.06.2017

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS – ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് CWC കളുടെ തീരുമാനത്തിൻ മേൽ അപ്പീൽ ഫയൽ ചെയ്യുവാനുള്ള അധികാരം സംബന്ധിച്ച്.

സൂചന: - 1.16.12.2016 ന് കൂടിയ ഡി.സി.പി.യു കളുടെ പ്രവർത്തനാവലോകന യോഗത്തിലെ തീരുമാനം 36
2. 2015 ലെ JJ (Care and Protection of Children) Act Section 101

2015 ലെ JJ Act 101 ാം വകുപ്പ് പ്രകാരം CWC / JJB യുടെ ഒരു ഉത്തരവ് ബാധകമായ ഏതൊരാൾക്കും 30 ദിവസത്തിനുള്ളിൽ ചിൽഡ്രൻസ് കോർട്ടിലും, CWC യുടെ ഫോസ്റ്റർകെയർ/സ്പോൺസർഷിപ്പ് സംബന്ധിച്ച തീരുമാനത്തിനെതിരെ ജില്ലാ മജിസ്ട്രേറ്റിനും (ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി) അപ്പീൽ നൽകാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് CWC യുടെ പല തീരുമാനങ്ങൾക്കെതിരെയും പരാതികൾ ഉണ്ടാകുമ്പോൾ അപ്പീൽ ഫയൽ ചെയ്യുന്നുണ്ടെങ്കിലും അവയ്ക്ക് ഒരു ഏകീകൃത സ്വഭാവം ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും അപ്പീൽ ഫയൽ ചെയ്യുന്നതിനായി ഇനി വിവരിയ്ക്കുന്ന സംവിധാനം സ്വീകരിയ്ക്കാവുന്നതാണ്.

CWC / JJB കളിൽ വകുപ്പിനെ പ്രതിനിധീകരിച്ച് ഹാജരാകുന്ന ജില്ലാ ശിശു സംരക്ഷണ ഓഫീസർ/ ലീഗൽ കം പ്രൊബേഷൻ ഓഫീസർ എന്നിവർ ഓരോ കേസിലും പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകൾ ശേഖരിയ്ക്കുന്നതിനും അതിൽ ജെ.ജെ ആക്ട് പ്രകാരം കുട്ടികളുടെ ഉത്തമ താത്പര്യത്തിനു വിരുദ്ധമാണെന്ന് ബോധ്യമാകുന്ന ഉത്തരവുകൾക്കെതിരെ ചിൽഡ്രൻസ് കോർട്ട്/ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുൻപാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഇപ്രകാരം കുട്ടികളുടെ ഉത്തമ താത്പര്യത്തിനു എതിരാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന ഉത്തരവുകൾ അവ എന്തുകാരണത്താലാണ് ഉത്തമ താല്പര്യത്തിന് വിരുദ്ധമാകുന്നത് എന്നത് സംബന്ധിച്ച് സംക്ഷിപ്ത വിവരണത്തോടെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിയ്ച്ച് അഞ്ച് പ്രവർത്തി ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ

സഹിതം അപ്പീൽ അനുമതി തേടി എസ്.സി.പി.എസ് മുഖാന്തിരം സാമൂഹ്യ നീതി ഡയറക്ടർക്ക് കത്ത് നൽകേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ സംവിധാനം സജ്ജമാകുന്നതു വരെ ഇമെയിൽ മുഖാന്തിരം അപ്പീൽ അനുമതി തേടാവുന്നതും വിവരം എസ്.സി.പി.എസ് പ്രോഗ്രാം മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതുമാണ്.

എസ്.സി.പി.എസ് അപേക്ഷ പരിഗണിച്ച് അപ്പീൽ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതും ആയത് താമസംവിനാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെ ഈമെയിൽ/കത്ത് മുഖേന അറിയിക്കുന്നതുമാണ്. അനുമതി ലഭിച്ച ഉടൻ തന്നെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ ഗവ പ്ലീഡർ/അഡീ.ഗവ പ്ലീഡർ എന്നിവരുമായി ബന്ധപ്പെട്ട് നിശ്ചിത സമയത്തിനുള്ളിൽ തന്നെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്. ഫോസ്റ്റർകെയർ/സ്പോൺസർഷിപ്പ് സംബന്ധിച്ച അപ്പീലുകൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തന്നെ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്. അപ്പീലിൽ മേൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ എസ്.സി.പി.എസിനെ യഥാസമയം അറിയിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

- ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ
  (14 ജില്ലകളിലേയും)
- ഗവ.ചിൽഡ്രൻസ് ഹോം/ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർ
  (14 ജില്ലകളിലേയും)
- CWC ചെയർമാൻമാർക്കും
  (14 ജില്ലകളിലേയും)
- JJB പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും
  (14 ജില്ലകളിലേയും)